മുസ്ലീം ലീഗിനേയും ഐക്യ ജനാധിപത്യമുന്നണിയേയും തകർക്കാൻ വേണ്ടിയുള്ള നിങ്ങളുടെ ഗൂഢാലോചന കേരളത്തിലെ ലക്ഷോപലക്ഷം വരുന്ന ജനാധിപത്യവിശ്വാസികൾ അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് ശക്തമായ തിരിച്ചടി നല്കുന്നതാണ്.....(മൈക്ക് ഓഫ്).....മുസ്ലീം ലീഗിനെ തകർക്കാൻ നിങ്ങളുടെ ഒരു ഗൂഢാലോചനക്കും സാധ്യമല്ലെന്ന് ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുന്നു. മുസ്ലീം ലീഗിന്റെ നേതാവായ ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ നിരപരാധിത്വം ഏത് കോടതിയിലും ഏത് ജനങ്ങളുടെ മുമ്പിലും തെളിയിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് അടിസ്ഥാനരഹിതമായ ആരോപണങ്ങളിൽനിന്നും നിങ്ങൾ പിന്മാറുന്നതാണ് നല്ലതെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നു. ഈ ഗൂഢാലോചന കേന്ദ്രങ്ങളെ കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ വെളിപ്പെടുത്തുകയും അത് കേരളത്തിലെ ജനങ്ങൾ അംഗീകരിക്കുകയും ചെയ്യുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ശ്രീ. പി. ശശിയുടെ കത്തിന്റെ പരാമർശത്തിന്റെ പേരിൽ ജുഡീഷ്യറിയിൽ കൈകടത്തിയ മുഖ്യമന്ത്രി രാജിവയ്ക്കുകയോ ശ്രീ. പി. ശശിയുടെ പേരിൽ കേസ്സെടുക്കുകയോ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ ഗുരുതരമായ പ്രശ്നം സഭയിൽ ചർച്ചചെയ്യുന്നതിന് അവസരം നൽകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. സി. ടി. അഹമ്മദ് അലിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)

ശ്രീ. ആനത്തലവട്ടം ആനന്ദൻ : പോയിന്റ് ഓഫ് ഓർഡർ. സി.പി.എം. സംസ്ഥാന കമ്മിറ്റി ചർച്ച ചെയ്യാത്ത വിഷയങ്ങൾ ചർച്ചചെയ്തുവെന്ന് ശ്രീ. പി.സി. ജോർജ് സഭയിൽ ഉന്നയിക്കുകയുണ്ടായി. ചർച്ച ചെയ്യാത്ത ഒരു കാര്യം ചർച്ചചെയ്തുവെന്ന് ഈ സഭയിൽ ഉന്നയിച്ചിരിക്കുന്നത് രേഖയിൽ ഉണ്ടാകാൻ പാടില്ല, അത് ബഹുമാനപ്പെട്ട സ്പീക്കർ നീക്കം ചെയ്യേണ്ടതാണ്.

മി. സ്പീക്കർ : അത് പരിശോധിച്ച് നീക്കം ചെയ്യാവുന്നതാണ്.

IV ശ്രദ്ധ ക്ഷണിക്കൽ

1. സ്കൂളുകളിലെ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, സംസ്ഥാനത്തെ സ്കൂളുകളിൽ കുട്ടികൾക്ക് പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കാനുള്ള ടോയ്ലറ്റ് സൗകര്യങ്ങൾ വളരെ കുറവാണെന്ന് മാത്രമല്ല ഉള്ളതിന്റെ സ്ഥിതിതന്നെ പരമദയനീയമാണ്. വെള്ളമില്ലാത്തതിനാൽ ശുചിത്വമില്ലായ്മ കൊണ്ട് ദുർഗന്ധം നിറഞ്ഞതിനാൽ അടുത്തുപോലും പോകാൻ സാധിക്കുന്നില്ല. പെൺകുട്ടികൾക്ക് നല്ല ടോയ്ലറ്റുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലാത്തത് ഗുരുതരമായ ആരോഗ്യ-സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പ്രസ്തുത വിഷയത്തിൽ ഹൈക്കോടതി വരെ ഇടപെട്ടിട്ടും പരിഹാരമുണ്ടായിട്ടില്ല. വിദ്യാഭ്യാസ വകുപ്പ് മേധാവികളെ വിളിച്ചുവരുത്തിയെങ്കിലും അവർ നൽകിയ വിവരം വളരെ ദയനീയമാണ്. കേരളത്തിലെ 12000 സ്കൂളുകളിൽ 45 ലക്ഷം കുട്ടികൾ പഠിക്കുന്നതിൽ 4000-ത്തിലും ആധുനിക മൂത്രപ്പുരകളില്ലാത്ത സ്ഥിതിയാണുള്ളത്. കൂടാതെ ഒരു ഡസനോളം സ്കൂളുകളിൽ ഒറ്റ ടോയ്ലറ്റു പോലുമില്ല. തലസ്ഥാന നഗരിയിലെ ഫോർട്ട് സ്കൂളിൽ ഒരു ടോയിലറ്റ് പോലുമില്ല. ഉള്ള ടോയിലറ്റുകൾ അനാരോഗ്യകരവും അശാസ്ത്രീയവുമാണ്. കല്ലുകൾകൊണ്ട് വളച്ചുകെട്ടിയ മൂത്രപ്പുരയിൽ ദുർഗന്ധംകൊണ്ട് കുട്ടികൾ കയറാറില്ല. കുറ്റിച്ചെടിക്കുചുറ്റും മതിലിനരികിലും വട്ടമിട്ടിരുന്ന് മൂത്രവിസ്സർജ്ജനം നടത്തുന്ന സ്കൂളിലെ കുട്ടികളുടെ ചിത്രം പ്രത്യേകിച്ച് പെൺകുട്ടികളുടെ കാര്യം ആധുനിക കേരളത്തിന് നാണക്കേടുണ്ടാക്കുന്നതാണ്. കേരളത്തിലെ പെൺകുട്ടികളിൽ ഭൂരിപക്ഷത്തിനും യൂറിനറി ട്രാക്ക് ഇൻഫെക്ഷൻ അഥവാ മൂത്രസംബന്ധമായ രോഗമാണത്രേ! വിദേശരാജ്യങ്ങളിൽ ഒരു ക്ലാസ് മുറിക്ക് രണ്ട് ടോയ്ലറ്റുകളാണ്, അതായത് 15 കുട്ടികൾക്ക് ഒരു ടോയിലറ്റ് എന്ന ക്രമത്തിലാണുള്ളത്. നമ്മുടെ സംസ്ഥാനത്തിന് അത്ര സൗകര്യമൊന്നും ഉണ്ടാക്കുവാനുള്ള സാമ്പത്തികസ്ഥിതിയില്ലെന്ന് എനിക്കറിയാം, എന്നാലും വിദ്യാഭ്യാസ മേഖലയിലെ ഗുരുതരമായ പ്രശ്നത്തിൽ വിദ്യാഭ്യാസവകുപ്പ് ഇടപെടണം. ത്രിതല പഞ്ചായത്തുകളേയും പി.റ്റി.എ.കളേയും സമന്വയിപ്പിച്ച് സർക്കാർ അടിയന്തരമായി ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തണം. വിദ്യാഭ്യാസ പുരോഗതിയെക്കുറിച്ച് മേനിപറഞ്ഞു നടക്കുന്ന മന്ത്രിക്കും സർക്കാരിനും ഈ അവസ്ഥ ഭൂഷണമല്ല. സ്കൂൾ കുട്ടികളുടെ സങ്കടകരമായ ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് സംസ്ഥാനത്തെ സ്ക്കൂളുകളിലെ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ, സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് എയിഡഡ് സ്കൂളുകളിലേയും കക്കൂസ്, മൂത്രപ്പുര, ജലലഭ്യത തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ യഥാർത്ഥത്തിൽ വളരെ പുരോഗതി കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ മാനദണ്ഡമനുസരിച്ച് 120 കുട്ടികൾക്ക് ഒരു കക്കൂസ് 40 കുട്ടികൾക്ക് ഒരു മൂത്രപ്പുര, ജലലഭ്യത എന്നിവ ഉറപ്പുവരുത്തേണ്ടതാണ്. ഈ അളവുകോൽ വച്ചുനോക്കുമ്പോൾ കേരളത്തിൽ ഗവൺമെന്റ്/എയിഡഡ് സ്കൂളുകളിൽ ആകെ 37334 കക്കൂസും 97112 മൂത്രപ്പുരയും ആവശ്യമാണ്. 37334 കക്കൂസ് ആവശ്യമുള്ളതിൽ 34833 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു. 628 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ബാക്കിയുള്ള 1873 എണ്ണം ഇനി നിർമ്മിക്കുവാനുമുണ്ട്. 97112 മൂത്രപ്പുര ആവശ്യമുള്ളതിൽ 81474 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു. 3597 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ബാക്കിയുള്ള 12042 എണ്ണം ഇനി നിർമ്മിക്കുവാനുമുണ്ട്. അത് എത്രയുംവേഗം പൂർത്തീകരിക്കുവാനുള്ള നിർദ്ദേശം നൽകുകയും നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചുകൊണ്ടിരിക്കുകയുമാണ്. കേരളത്തിലെ പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാനസൗകര്യങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് സർക്കാർ സ്കൂളുകളിൽ സർവ്വശിക്ഷാ അഭിയാൻ വഴി ഇതുവരെ 6335 ഗേൾസ് ടോയ്ലറ്റിന്റെയും 9494 മൂത്രപ്പുരയുടേയും 8385 കുടിവെള്ള സൗകര്യങ്ങളുടേയും പണി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 926 മൂത്രപ്പുരയുടേയും 1715 കുടിവെള്ള സൗകര്യത്തിന്റെയും പണി പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. ഇത് മാർച്ച് മാസത്തിനുമുമ്പുതന്നെ പൂർത്തീകരിക്കാൻ കഴിയുന്നതാണ്. കൂടാതെ പാലോളി മുഹമ്മദ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ സർക്കാർ വിദ്യാലയങ്ങളിൽ ശുചിത്വ സൗകര്യങ്ങൾ ഉറപ്പുവരുത്തുവാൻ തീരുമാനിച്ചതിന്റെ ഭാഗമായി 726 ലക്ഷം രൂപ ചെലവിൽ 284 സർക്കാർ വിദ്യാലയങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തിക്കൊണ്ട് 305 പെൺകുട്ടി സൗഹൃദ കക്കൂസുകളും 536 മൂത്രപ്പുരകളും നിർമ്മിക്കുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്ലാൻ ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, എം.പി./എം.എൽ.എ. ഫണ്ടുകൾ, ആരോഗ്യ വകുപ്പിന്റെ ഫണ്ടുകൾ ഇവയെല്ലാം ഉപയോഗിച്ചുകൊണ്ട് മൂത്രപ്പുര, കക്കൂസ്, ജലലഭ്യത ഇവ കേന്ദ്രീകരിച്ചിട്ടുള്ള പ്രവർത്തനങ്ങളാണ് കഴിഞ്ഞ നാലരവർഷക്കാലം നടത്തിയിട്ടുള്ളത്. ഇതിനെല്ലാം പുറമേ റവന്യൂ വകുപ്പുമായി സഹകരിച്ചുകൊണ്ട്, സുനാമി ഫണ്ട് ഉപയോഗിച്ച് 1250 സ്കൂളുകളിൽ രണ്ടുമുതൽ അഞ്ചുവരെ ടോയ്ലറ്റുകൾ നിർമ്മിക്കാനുള്ള പദ്ധതിയും തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. ഏതാനും ദിവസങ്ങൾക്കുള്ളിൽ അതിന്റെ സംസ്ഥാനതല ഉദ്ഘാടനം നടക്കാൻ പോകുകയാണ്. ഇതെല്ലാം പറയുമ്പോൾ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഒരു കാര്യം ശരിയാണ്, ഉള്ള സൗകര്യങ്ങൾ തന്നെ വൃത്തിയായും വെടിപ്പായും ഉപയോഗിക്കുന്നതിൽ പല സ്കൂളുകളിലും അശ്രദ്ധയുണ്ട്. ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളും അദ്ധ്യാപക-രക്ഷാകർത്തൃ സമിതികളും ശ്രദ്ധിച്ചാൽ മാത്രമേ സ്കൂളുകളിലുള്ള സൗകര്യങ്ങൾ വൃത്തിയായി സൂക്ഷിക്കാൻ കഴിയുകയുള്ളു. ഇതിനെക്കുറിച്ച് പരിശോധന നടത്തിയപ്പോൾ ചില വിദ്യാലയങ്ങളിൽ വളരെ മാതൃകാപരമായ മികച്ച പരിപാലനം ഈ സൗകര്യങ്ങളുടെ കാര്യത്തിലുണ്ട്. 'ഹരിത വിദ്യാലയ'മെന്ന് പറയുന്ന ഒരു റിയാലിറ്റി ഷോ അങ്ങ് ഒരുപക്ഷേ ശ്രദ്ധിച്ചിരിക്കാനിടയുണ്ട്. ഗവൺമെന്റ്/എയിഡഡ് സ്കൂളുകൾ മൊത്തത്തിൽ നന്നായി നടത്തുന്നതിൽ കൈവരിച്ച പുരോഗതി വിലയിരുത്തുന്ന ഒരു പരിപാടി ദൂരദർശനും വിക്ടേഴ്സ് ചാനലും ചേർന്ന് നടത്തുകയുണ്ടായി. ഈ രംഗത്ത് നമ്മുടെ നാട്ടിലെ സ്കൂളുകൾ കൈവരിച്ചുകൊണ്ടിരിക്കുന്ന ശ്ലാഘനീയമായ പുരോഗതി അവിടെ വെളിപ്പെട്ടിട്ടുണ്ട്. പക്ഷേ പലർക്കും അറിയാവുന്നതുപോലെ ഇപ്പോഴും ദുരവസ്ഥ നിലനിൽക്കുന്ന സ്കൂളുകളും എണ്ണത്തിൽ കുറവല്ല.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, തിരുവനന്തപുരം ഫോർട്ട് സ്കൂളിൽ ടോയ്ലറ്റ് ഇല്ലെന്നുള്ള വാർത്ത ഹൈക്കോടതിയും സൂചിപ്പിക്കുകയുണ്ടായി. തലസ്ഥാനത്തുള്ള ഒരു സ്കൂളിനെക്കുറിച്ചാണ് പറഞ്ഞത്. ഇതിനുപുറമേ വേറെ 12 സ്കൂളുകളിൽ കൂടി ഇതുപോലെ ഒരു ടോയ്ലറ്റ്പോലും

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇപ്പോഴുള്ള ടോയ്‌ലറ്റുകളിൽത്തന്നെ വെള്ള മില്ലാത്തതാണ് പ്രധാനപ്പെട്ട പ്രശ്നം. ഈ സ്ക്കൂളുകളിൽ വെള്ളമെത്തിക്കുന്നതിന് കുഴൽ കിണർ സംവിധാനമുണ്ടാക്കുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. എം. എ. ബേബി : ഡി. ഡി. മാരുടേയും ഡി. ഇ. ഒ. മാരുടേയും സഹായത്തോടുകൂടി ഇക്കാര്യങ്ങളിൽ ഓരോ സ്കൂളുകളിലേയും ഇന്നത്തെ അവസ്ഥ എന്താണെന്ന് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഫോർട്ട് സ്കൂൾ ഉൾപ്പെടെയുള്ള എല്ലാ സ്കൂളുകളിലും അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്താൻവേണ്ടി യുദ്ധകാലാടിസ്ഥാനത്തിലുള്ള ഇടപെടലാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്.

2. ശബരിമല മാസ്റ്റർപ്ലാനും അനുബന്ധ പദ്ധതികളും നടപ്പിലാക്കാൻ നടപടി

ശ്രീ. രാജു എബ്രഹാം : സർ, കഴിഞ്ഞ ശബരിമല സീസണിൽ പുൽമേട്ടിൽ 102 ശബരിമല തീർത്ഥാടകർ മരണമടയുകയുണ്ടായി. അവരുടെ വേർപാടിൽ ആദരാഞ്ജലികൾ അർപ്പിക്കുകയാണ്. പുൽമേട് ദുരന്തംപോലെയുള്ള ദുരന്തങ്ങൾ ഇനി ആവർത്തിക്കാൻ പാടില്ല. 1998-ൽ ഹിൽടോപ്പിലുണ്ടായ ദുരന്തത്തിൽ 52 തീർത്ഥാടകരാണ് മരണമടഞ്ഞത്. ബഹുമാനപ്പെട്ട അങ്ങ് ഉൾപ്പെടെ ആ സംഭവസ്ഥലത്ത് രാത്രിയിൽ ഓടിയെത്തുകയുണ്ടായി. ശബരിമലയെ സംബന്ധിച്ചിടത്തോളം കേരളത്തിലെ ആകെ ജനസംഖ്യയേക്കാൾ കൂടുതൽ ഭക്തജനങ്ങൾ മൂന്ന് മാസക്കാലത്തിനുള്ളിൽ എത്തുന്ന ഒരു തീർത്ഥാടന കേന്ദ്രമാണ്. ഒരുപക്ഷേ ലോകത്തിൽത്തന്നെ ഏറ്റവും കൂടുതൽ തീർത്ഥാടകരെത്തുന്ന തീർത്ഥാടന കേന്ദ്രമെന്നുള്ള പട്ടികയിൽ ശബരിമല ഉൾപ്പെടും. ശബരിമലയിൽ ആവശ്യമായിട്ടുള്ള അടിസ്ഥാനസൗകര്യങ്ങൾ അടിയന്തരമായി ഒരുക്കേണ്ടത് ഭരണകൂടത്തിന്റെ ചുമതലയാണ്. നൂറ്റാണ്ടുകളായി അല്ലെങ്കിൽ ദശാബ്ദങ്ങളായി തുടർന്നുവരുന്ന സൗകര്യങ്ങൾ വരുന്ന വർഷങ്ങളിൽ തികയാതെ വരും. കാരണം, ശരാശരി 30 ശതമാനത്തോളം തീർത്ഥാടകർ ഓരോ വർഷവും ഇവിടെ കൂടിവരികയാണ്. എക്കോ സ്മാർട്ട് തയ്യാറാക്കിയ ഒരു മാസ്റ്റർപ്ലാൻ സംസ്ഥാന ഗവൺമെന്റ് വഴി കേന്ദ്ര ഗവൺമെന്റിൽ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നതിൽ ആവശ്യപ്പെട്ടതിന്റെ ചെറിയൊരു അംശത്തിന് മാത്രമാണ് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകിയത്. ഉദാഹരണത്തിന്, മാസ്റ്റർ പ്ലാനിലൂടെ 1200 ഏക്കർ സ്ഥലം അടിസ്ഥാനസൗകര്യ വികസനത്തിനായി വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ കേന്ദ്ര ഗവൺമെന്റ് പമ്പയിലും സന്നിധാന ത്തുമായി കേവലം 12 ഏക്കർ സ്ഥലം മാത്രമാണ് നൽകിയത്. അതോടുകൂടി മാസ്റ്റർപ്ലാനിന്റെ അന്ത:സത്ത തന്നെ ഇല്ലാതാകുകയും നൽകിയ 12 ഏക്കർ സ്ഥലം നിലവിൽ പമ്പയിൽനിന്നും സന്നിധാനത്തേക്ക് നടന്നുപോകുന്ന പരമ്പരാഗതമായ കാനന പാതയുമാണ്. അടിക്കാട് വെട്ടാനും പാർക്കിംഗിനും മകരജ്യോതി, മകരവിളക്ക് ദർശനങ്ങൾക്കും സൗകര്യപ്രദമായ സ്ഥലം ലഭിക്കുക എന്നുള്ളതാണ് മാസ്റ്റർപ്ലാനിൽ പ്രധാനമായും വേണ്ടത്. മാസ്റ്റർപ്ലാനിനെ

LIBRARY ARCHIVES Kerala Legislative Assembly